"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ശുചിത്വ മിഷന്റെ ഓഫീസ് ആവശ്യത്തിന് ഒരു പുതിയ വാഹനം GeM മുഖേന വാങ്ങുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1777/2025/LSGD തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05/03/2025 ലെ SM/741/2025-B നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശുചിത്വ മിഷനിലെ KL 01 AV 3028 നമ്പർ വാഹനം കാലപ്പഴക്കം കാരണം ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലായതിനെ തുടർന്ന് നിരാകരണം ചെയ്തതായും, കേരള സർക്കാരിന്റെ മാലിന്യ മുക്ത നവകേരളം പദ്ധതി, വൃത്തി - ക്ലീൻ കേരള കോൺക്ലേവ് - 2025- മെഗാ ഈവന്റ് തുടങ്ങിയവയുടെ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾക്ക് വാഹനത്തിന്റെ ആവശ്യം അത്യന്താപേക്ഷിതമായതിനാൽ ശുചിത്വ മിഷന് നിരാകരണം ചെയ്ത വാഹനത്തിന് പകരം Mahindra Bolero B6 OPT BS6 GeM മുഖേന വാങ്ങുന്നതിനും ശുചിത്വ കേരളം (റൂറൽ) ഫണ്ട് ഉപയോഗിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷനിൽ നിരാകരണം ചെയ്യപ്പെട്ട KL-01-AV-3028 എന്ന വാഹനത്തിന് പകരം 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള ഒരു വാഹനം GeM മുഖേന വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിന് ആവശ്യമായ തുക "2515-00-101-68 Suchitwa Kerala (Rural)" എന്ന ശീർഷകത്തിലെ Admin Fund എന്ന component ൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (WCD) വകുപ്പ് (WCD-3/84/2024-FIN dated 06/07/2025)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/49/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 18-07-2025 17:08:28